## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2158 | 23.3.2012-ൽ മറുപടിക്ക്.

### ട്രെയിനുകളിലെ അക്രമങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ട്രെയിനുകളിൽ വർദ്ധിച്ചു വരുന്ന സ്ത്രീ പീഡനം അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | തീവണ്ടികളിലെ സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി 56 വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ട്രെയിനുകളിലെ വനിതാ കമ്പാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിച്ച് അയക്കുന്നുണ്ട്. കൂടാതെ അതാതു ജില്ലകളിലെ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരെ ട്രെയിനുകളിലെ സുരക്ഷാ ഡ്യൂട്ടിക്കായി ഇപ്പോൾ നിയോഗിക്കുന്നുണ്ട്. ഇതിനായി റെയിൽവേയോട് അധികമായി പാസ്സ് ആവശ്യപ്പെട്ടത് കിട്ടാത്ത സാഹചര്യത്തിൽ ഡ്യൂട്ടിയുടെ ഭാഗമായി ഇത് ചെയ്തു വരുന്നു. കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുമ്പോൾ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റ് പോലീസുകാരും വനിതാ കമ്പാർട്ടുമെന്റിനു സമീപം വന്ന് |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തുകയും ചെയ്യുന്നു. കൂടാതെ മറ്റ് കമ്പാർട്ട്മെന്റുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ജാഗ്രതയോടെ പ്രവർത്തിക്കാനായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ വനിതാ ഹെൽപ്പ്ലൈൻ നമ്പർ പ്ലാറ്റ്ഫോമിലും ട്രെയിനുകളിലും പ്രദർശിപ്പിക്കുന്നത് ഉൾപ്പെടെ അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരികയാണ്. കൂടാതെ റെയിൽവേ സ്റ്റേഷന് പുറമേയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ റെയിൽവേ അലർട്ട് സിസ്റ്റം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഈ സിസ്റ്റം കൂടുതൽ കാര്യക്ഷമമവും ശക്തവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാന പോലീസിന്റെ സഹായം കൂടി സ്വീകരിച്ചുകൊണ്ട് ട്രെയിനുകളിലെ അക്രമ സംഭവങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ